بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 24/07/2015

## (07 SHAWWAL 1436 HIJRI)

## Hazrat Khalifathullah Munir Ahmad Azim (A)

സലാമിനും തശഹ്ഹുദ്, തഅവ്വുദ്, സൂറ അൽഫാത്തിഹ ഓതിയശേഷം ഹസ്രത് മുഹ്‌യിദ്ദീൻ ഖലീഫത്തുല്ലാഹ് പറഞ്ഞു.

ഭൂമിയിൽ മനുഷ്യസാന്നിദ്ധ്യം യാദൃശ്ചികമായി സംഭവിച്ചതോ ലക്ഷ്യബോധമില്ലാതയോ അല്ല! പ്രത്യേക ഉദ്ദേശ്യ ലക്ഷ്യത്തോടെ ദൈവീക വിധിപ്രകാരമാണ് അവന്റെ സൃഷ്ടിപ്പുണ്ടായത്. നിസ്സംശയം ! ഒരു കൂട്ടിച്ചേർക്കലുമില്ലാതെ, നമുക്ക് പറയുവാൻ കഴിയും, അല്ലാഹു, പരമോന്നതനായ സൃഷ്ടാവ്, സൃഷ്ടിച്ച സൃഷ്ടികളിൽ സമുന്നതൻ മനുഷ്യൻ തന്നെയാണ്! കാരണം അല്ലാഹു പറയുന്നു **"തീർച്ചയായും ആദം സന്തതികളെ നാം ബഹുമാനിച്ചിരിക്കുന്നു. കരയിലും കടലിലും നാം അവരെ വാഹനത്തിൽ കയറ്റുകയും നല്ല വിഭവങ്ങളിൽ നിന്ന് അവർക്ക് ആഹാരം നൽകുകയും നാം സൃഷ്ടിച്ച നിരവധി സൃഷ്ടികളെക്കാൾ അവരെ ശ്രേഷ്ഠരാക്കുകയും ചെയ്തിരിക്കുന്നു" (17:71)**

മറ്റ് സൃഷ്ടികളുടെ മേലുള്ള അവന്റെ മേധാവിത്വം പലരീതിയിലാണ്. അല്ലാഹു (ത) അവന് സ്വതന്ത്രമായി കാര്യങ്ങൾ തീരുമാനിക്കാനുള്ള അവസരം നൽകിയിരിക്കുന്നു. നന്മയും തിന്മയും വിവേചിച്ചറിയുവാനുള്ള കഴിവ് അവന് നൽകിയിരിക്കുന്നു. അല്ലാഹു (ത) സൃഷ്ടിച്ച ഒരാത്മാവും അവന് നൽകിയിരിക്കുന്നു. അവനെ മനുഷ്യനാക്കി തീർക്കുവാൻ അവനിലേക്ക് അവന്റെ ശ്വാസം ഊതുകയും ചെയ്തിരിക്കുന്നു. ചില ദൈവീക ഗുണ വിശേഷങ്ങളുടെ വാഹകനുമാണവൻ. തന്റെ അനുഗ്രഹീത ഗ്രന്ഥത്തിൽ അല്ലാഹു (ത) അവനെ പ്രശംസിക്കുകയും ചെയ്തിരിക്കുന്നു. മനുഷ്യ സൃഷ്ടിപ്പിന്റെ വിവിധ ദശകളെക്കുറിച്ച് അവൻ വിവരിക്കുന്നു. **"നാം മനുഷ്യനെ കളിമണ്ണിന്റെ സത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. പിന്നീട് നാം അതിനെ രേതസ്കണമാക്കി ഭദ്രമായ ഒരു സ്ഥാനത്ത് (സൂക്ഷിച്ചു) പിന്നീട് ആ രേതസ് കണത്തെ ഒട്ടിപ്പിടിക്കുന്ന വസ്തുവായും പിന്നെ ആ ഒട്ടിപ്പിടിക്കുന്ന വസ്തുവിനെ മാംസപിണ്ഡമായും പിന്നെ, മാംസ പിണ്ഡത്തെ അസ്ഥികളായും നാം രൂപാന്തരപ്പെടുത്തി. അനന്തരം അസ്ഥികളെ നാം മാംസം കൊണ്ട് പൊതിഞ്ഞു. പിന്നീട് നാം അതിനെ മറ്റൊരു സൃഷ്ടിയായി രൂപാന്തരപ്പെടുത്തി. അതിനാൽ, ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹ സമ്പൂർണ്ണനാകുന്നു." (23:13 – 15)**

ആയതിനാൽ മനുഷ്യന് മറ്റ് ജീവികളുടെ മേലുള്ള തന്റെ അധീശത്വവും അവന്റെ വിലയും അവൻ അംഗീകരിക്കേണ്ടതാണ്. അവന് തുല്യം വെയ്ക്കാൻ മറ്റൊന്നില്ലാത്ത അതുല്യ സൃഷ്ടിയാണവൻ. അവന്റെ ആത്മാവും, അവന്റെ ശരീരവും പരമ സൃഷ്ടാവിന്റെ വരദാനം തന്നെയാണ്; അഥവാ മനോഹരമായ ഒരു സമ്മാനമാണ്. സുരക്ഷ, സംരക്ഷണം അതിന് കേടുപറ്റാതെ നോക്കുക എന്നത് അവന്റെ ഉത്തരവാദിത്വമാണ്. ഈ യാഥാർത്ഥ്യങ്ങളൊക്കെ അവൻ അവഗണിച്ചാൽ, ഭൂമിയിലെ അവന്റെ നിലനിൽപ്പ് സംബന്ധമായി അവൻ ഗൗനിക്കുന്നില്ലെങ്കിൽ, അവന്റെ കണ്ണുകളിൽ അതിന് യാതൊരു വിലയുമില്ലെങ്കിൽ, ജന്മനായുള്ള അവന്റെ ദൈവീക സത്തയിൽ നിന്നും അവൻ ആട്ടിയോടിക്കപ്പെടുന്നു. ഈ സത്തയ്ക്ക് തടസ്സം നേരിടുകയും അത് പ്രവർത്തനക്ഷമമല്ലാതായി തീരുകയും ചെയ്യുന്നു. അങ്ങനെ വരുമ്പോൾ, മറ്റ് ജീവികളെപ്പോലുള്ള ഒരു ജീവിമാത്രമാണ്

താൻ എന്നു കരുതുന്നു; അവയെ പോലെ ഒരു തുടക്കവും, ഒരു ഒടുക്കവും. അതിൽ കവിഞ്ഞൊന്നുമില്ല! ലക്ഷ്യകണക്കിന് ജീവിതങ്ങൾ നഷ്ടപ്പെടുവാനുള്ള പ്രധാന കാരണം ഈ നിലയിലുള്ള ചിന്തകൊണ്ടാണ്! നല്ല ചിന്തയില്ലാത്തതുമൂലം ഉന്മൂലനാശം സംഭവിച്ച എത്ര ജനതകളാണുള്ളത്?

ദിവസവും വാർത്താ പ്രാധാന്യം നേടുന്ന മഹാവിപത്തായി തീർന്നിരിക്കുകയാണ് കൊലപാതകം. ഓരോ നിമിഷവും കൊലപാതകം നടക്കുന്നതായുള്ള വാർത്തകൾ നാം കേൾക്കുന്നു. എന്നാൽ ഈ കൊലപാതക ങ്ങൾക്കുള്ള കാരണങ്ങൾ വളരെ നിസ്സാരങ്ങളാണ്. ചിലപ്പോൾ ഒരു സിഗരറ്റ്, അല്ലെങ്കിൽ ഒരു ചെറിയ തുക, അല്ലെങ്കിൽ അസൂയ, അല്ലെങ്കിൽ തെറ്റിപ്പോയ പ്രണയം ഏതുമാകാം. എന്നാൽ അല്ലാഹു (ത) വിരോധിച്ചിട്ടുള്ള മനുഷ്യന്റെ ജീവനെ അപഹരിക്കുന്നതിനെ തടഞ്ഞിരിക്കുന്നു. **"അല്ലാഹു (വധിക്കുന്നത്) വിരോധിച്ചിട്ടുള്ള ജീവനെ നിങ്ങൾ ന്യായമായ കാരണം കൂടാതെ വധിക്കരുത്. ആരെങ്കിലും മർദിതനായി വധിക്കപ്പെടുന്നതായാൽ നാം അവന്റെ അവകാശിക്ക് (പ്രതിക്രിയ നടത്താനുള്ള) അധികാരം നൽകിയിരിക്കുന്നു. എന്നാൽ അവൻ കൊലയിൽ (നിശ്ചിത) പരിധി അതിലംഘിക്കരുത്. കാരണം അവൻ (നിയമ) സഹായം ലഭിക്കുന്നവനാണ്." (17:34)**

കൂട്ടക്കൊലകളും, കൊലപാതകങ്ങളും അരങ്ങേറുന്നതിനൊപ്പം ദിനേന അരങ്ങേറുന്ന മറ്റൊരു മഹാ വിപത്താണ് ആത്മഹത്യ. ഒരുവന്റെ ജീവിതം അവൻ തന്നെ അവസാനിപ്പിക്കുന്നത് വളരെ ഗുരുതരമായ പാപമാണ്! അതായത് സൃഷ്ടാവായ അല്ലാഹു അത് നിരോധിച്ചിരിക്കുന്നു**" നിങ്ങൾ നിങ്ങളെത്തന്നെ വധി ക്കുകയുമരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് വളരെയേറെ കരുണയുള്ളവനാകുന്നു." (4:30)**

നമുക്ക് ജീവിതം അവനാണ് നൽകിയതെങ്കിൽ, നാം എന്തിന് അതിനെ ഇല്ലാതാക്കണം ? ഇന്ന് സംഭ വിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വേദന ഉളവാക്കുന്നതുമാത്രമല്ല മറിച്ച് ഭയാനകമാണ്, വിശിഷ്യാ, യുവാക്ക ളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത് ! അവർക്ക് അവരുടെ ജീവൻ നഷ്ടമാകുന്നത് ഭിന്നങ്ങളും വ്യർത്ഥങ്ങ ളുമായ കാരണങ്ങളാലാണ്. പരീക്ഷയിൽ തോൽക്കുക, ജോലി കണ്ടെത്തുന്നതിലുള്ള വിഷമം, മാതാപിതാ ക്കളുമായുള്ള അഭിപ്രായ ഭിന്നത, തുടങ്ങിയ പലകാരണങ്ങളുമാകാം. അവരുടെ പ്രശ്ന പരിഹാരത്തിന് അവരുടെ ജീവിതം അവസാനിപ്പിക്കുന്നതാണ് നല്ലതെന്ന ചിന്ത അവരെ കൊണ്ടിത് ചെയ്യിക്കുന്നു. ആത്മ ഹത്യ ഒരു പാപമാണ്. അത് ചെയ്യുന്നവർ പുനരുത്ഥാന നാളിൽ വളരെ വലിയ പ്രത്യാഘാതങ്ങൾ നേരി ടേണ്ടി വരുന്നതാണ്. അബൂഹുറൈറ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രവാചകൻ (സ) പറഞ്ഞു. **"കത്തി ക്കൊണ്ട് സ്വയം കുത്തി ചാവുന്നവർ എന്നെന്നും നരകത്തിൽ വസിക്കുന്നതാണ്. വിഷം കഴിച്ച് സ്വയം ചാവു ന്നവർ വിഷം കഴിച്ചുകൊണ്ട് നരകത്തിൽ എന്നെന്നും കഴിയുന്നതാണ്. ഗിരിശൃംഖത്തിൽ നിന്ന് ചാടി ചാവുന്ന വർ, നരകത്തിൽ സ്ഥിരവാസികളായിരിക്കും; അനന്തമായി അവർ സ്വയം വീണുകൊണ്ടേയിരിക്കും." (മുസ്ലീം)**

ഈ കഠിന ശിക്ഷ വ്യക്തമായും മനസ്സിലാക്കി തരുന്നത്, ആത്മഹത്യ ചെയ്യുന്ന ആൾക്ക് പരലോ കത്ത് വിശ്രമമേയില്ല. ഇത്തരം സാഹചര്യത്തിന് കളം ഒരുക്കിയത് നിരാശയാണെങ്കിൽ, മനസ്സിലാക്കുക, പര ലോകത്ത് നിങ്ങളെ കാത്തിരിക്കുന്നത് ഏറ്റവും മോശമായതാണ്! നമ്മൾ ഓരോരുത്തരും, മുസ്ലീമാകട്ടെ അമുസ്ലീമാകട്ടെ, നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥ വിലയെക്കുറിച്ച് ഗ്രഹിക്കുവാൻ നല്ലപോലെ ചിന്തി ക്കുക! ഈ ദൈവീക വരദാനത്തെ നമുക്ക് കാത്തുസൂക്ഷിക്കാം. പ്രഭാതത്തിലും പ്രദോഷത്തിലും! മറ്റുള്ളവ രുടെ ജീവനെ നമുക്ക് ആദരിക്കാം. അല്ലാഹുവിന്റെ വചനത്തെക്കുറിച്ച് നമുക്ക് ആഴത്തിൽ ചിന്തിക്കാം. **"ഇക്കാരണത്താൽ ബനൂ ഇസ്രാഈല്യരോട് നാം കല്പിച്ചു. ആരെങ്കിലും മറ്റൊരാളെ വധിക്കുകയോ നാട്ടിൽ കുഴപ്പമുണ്ടാക്കുകയോ ചെയ്യാത്ത നിലയിൽ (നിരപരാധിയായ) ഒരാളെ വധിച്ചാൽ അയാൾ മനുഷ്യരെ മുഴു വൻ വധിച്ചതുപോലെയാകുന്നു. ഇനി ആരെങ്കിലും ഒരാളുടെ ജീവനെ രക്ഷിച്ചാൽ അയാൾ മനുഷ്യരെ മുഴു വൻ രക്ഷിച്ചതുപോലെയാകുന്നു"(5:33)**

ദൈവമാകുന്നു നമുക്ക് ജീവൻ നൽകിയത്. അവനാവശ്യമുള്ളപ്പോൾ അവനാണ് അത് തിരികെ എടുക്കേണ്ടത് ! മരണത്തോടെ ഭൂമിയിലെ ജീവിതത്തിന്റെ അവസാനമാണെന്ന് പ്രതീക്ഷിച്ചു പോകരുത്? ജീവിതത്തിൽ ഒരിക്കലും നിരാശപ്പെടരുത്! നിരാശ പിശാചിന്റെ പ്രവർത്തിയാകുന്നു. തങ്ങളുടെ സൃഷ്ടാവിനെ അംഗീകരിക്കാത്തവർക്കുള്ളതാണ് നിരാശ. അല്ലാഹുവിൽ നിങ്ങളെ ഭരമേൽപ്പിക്കുക. കാരണം **"അപ്പോൾ (ഓർമിക്കുക) തീർച്ചയായും പ്രയാസത്തോടുകൂടി (പ്രയാസത്തെത്തുടർന്ന്) ആശ്വാസം ലഭിക്കുന്നതാണ്"(94:6)** കോപം, അത്യാഗ്രഹം, വിദ്വേഷം ഇവ ദുഷിച്ച ഉപദേശകരാണ്. അവയെ നിയന്ത്രിക്കുവാൻ പഠിക്കുക! നിങ്ങളെ എതിർത്തവർക്ക് നിങ്ങൾ മാപ്പു ചെയ്യുക. എന്തു സാഹചര്യമായാലും ജീവിതത്തിൽ സന്തോഷവാനായിരിക്കുക. അല്ലാഹു (ത) നമ്മോട് കരുണ കാണിക്കട്ടെ ! നമുക്ക് മാപ്പ് ചെയ്യട്ടെ ! ആമീൻ യാ റബ്ബൽ ആലമീൻ.

**Translated & Issued By**


**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*


*****************